ആ ബോർഡിനോട് എല്ലായിടത്തോട്ടും പൈപ്പ്‌ലൈൻ നീട്ടിത്തരണമെന്നു പറയുന്നതുകൊണ്ട് പ്രയോജനമൊന്നുമില്ല. പ്രായോഗികമായി പറയുമ്പോൾ നമുക്ക് അതിനു ബുദ്ധിമുട്ടുണ്ട്. അത് ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കണം. എവിടെയെങ്കിലും അത്യാവശ്യമുണ്ടെങ്കിൽ ബുദ്ധിമുട്ടിനിടയിലും എന്തെങ്കിലും നീക്കുപോക്കുകളുണ്ടോയെന്ന് തീർച്ചയായും ഞാൻ പരിശോധിക്കാം. ആ നിലയിൽ സഹായകരമായിട്ടുള്ള ഒരു നിലപാട് ഞാൻ എടുക്കാം.

(2) പൂട്ടിക്കിടക്കുന്ന റൂബി റബ്ബർ വർക്സ്

ശ്രീ. സി. എഫ്. തോമസ് : സർ, ചങ്ങനാശ്ശേരിയിലെ റൂബി റബ്ബർ ഫാക്ടറിയുടെ കാര്യംതന്നെ പറയാനാണ് ഞാൻ വീണ്ടും എഴുന്നേറ്റു നിൽക്കുന്നത്. ഇന്നലെ സഭയിൽ സംസാരിച്ച പല മെമ്പർമാരും അക്കാര്യം സൂചിപ്പിച്ചു. അഞ്ഞൂറിൽപ്പരം തൊഴിലാളി കുടുംബങ്ങൾ രണ്ടുവർഷത്തോളമായി പട്ടിണിയിലായിരിക്കുകയാണ്. ഇപ്പോൾ നിയമസഭ സമ്മേളനം നടക്കുന്ന ഈ സമയത്ത് അതുസംബന്ധിച്ച് ഒരു ഹൈലെവൽ കോൺഫറൻസ് നടത്താൻ തയ്യാറാകണം. അങ്ങനെ ഒരു പ്രൊപ്പോസൽ ഇപ്പോഴുണ്ടായിട്ടുണ്ടെന്നാണ് ഞാനറിയുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും പങ്കെടുക്കത്തക്ക ഒരു കോൺഫറൻസിന് വ്യവസായ വകുപ്പ് താല്പര്യപൂർവ്വം ആഗ്രഹിക്കുന്നുവെന്നു കേൾക്കുന്നു. ഞങ്ങൾ എം.എൽ.എ.മാരിൽ നാലുപേർ അവിടത്തെ യൂണിയനുകളിലെ പ്രസിഡൻറുമാർ ഇവിടെത്തന്നെയുണ്ട്. അതുകൊണ്ട് ഈ സമയത്തുതന്നെ അടിയന്തിരമായി കോൺഫറൻസ് വിളിച്ചുകൂട്ടാൻ തയ്യാറാകണം. ഗവൺമെൻറിലേക്ക് ഏതൊക്കെയോ പദ്ധതികൾ കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞു. അത് കഴിയുമെങ്കിൽ ഗവൺമെൻറ് ഏറ്റെടുക്കുക. ഏറ്റെടുക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ കുറെ സഹായങ്ങൾ ഗവൺമെൻറ് ചെയ്തുകൊടുത്താൽ മതി. റൂബി റബ്ബർ ഫാക്ടറിയിൽനിന്നു രണ്ടു കൊല്ലം കൊണ്ട് സെയിൽസ്ടാക്സ് ഇനത്തിൽ കിട്ടുന്ന പണംതന്നെ അങ്ങോട്ടു സഹായിച്ചാൽ നമ്മുടെ നാട്ടിലെ ഏറ്റവും വലിയ ഈ പ്രശ്നം പരിഹരിക്കും; റൂബി റബ്ബർ ഫാക്ടറി തുറക്കാൻ സാധിക്കും. അടിയന്തിരമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഒരു ഹൈ ലെവൽ കോൺഫറൻസ് വിളിച്ചുകൂട്ടാൻ മുൻകൈയെടുക്കണമെന്ന് പ്രത്യേകമായി ഞാൻ അപേക്ഷിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ഇത് ഈ സഭയിൽ ഒന്നു രണ്ടു തവണ ഞാൻ പറഞ്ഞതാണ്. ഇതിനുള്ള കൂടിയാലോചനകൾ വളരെ ഫലപ്രദമായി നടത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷെ ഇത് ഏറ്റെടുക്കാമെന്നു പറഞ്ഞ ഒരു പൊതുമേഖലാ സ്ഥാപനത്തിന് ഗവൺമെൻറ് 170 ലക്ഷം രൂപ പലിശയില്ലാതെ ഗ്രാൻറായിട്ട് നൽകണമെന്നു പറഞ്ഞാൽ പെട്ടെന്ന് ഗവൺമെൻറിന് സ്വീകരിക്കാൻ സാധിക്കുകയില്ല. അങ്ങനെയാണെങ്കിൽ ധാരാളം കമ്പനികൾ അത് ഏറ്റെടുക്കാൻ തയ്യാറാണ്. അതല്ലാതെ മറ്റു കൺസഷൻസ് ഗവൺമെൻറ് കൊടുത്തുകൊണ്ട് എങ്ങനെ നടത്താമെന്നതിനെ സംബന്ധിച്ചും കെ.എസ്.ഐ.ഡി.സി.യുടെ ലെവലിൽതന്നെ ചർച്ചകൾ നടത്തിവരുന്നു. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരം കണക്കിലെടുത്തുകൊണ്ട് അക്കാര്യം മുഖ്യമന്ത്രിയുമായി ഞാൻ കൂടിയാലോചിച്ച് നടപടികളെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly